
Reflection
MATTAKKARA HSS
Little Kites 2018-2019
little
KITEs

**ഞങ്ങളിൽ   ജീവിക്കുന്നു ഞങ്ങൾതൻ മുത്തച്ഛന്മാർ.**

**ഞങ്ങളിൽ   തുടങ്ങുന്നു നാളെയും മറ്റന്നാളും.**





**കേരളം കണ്ട ഏറ്റവും വലിയ പ്രളയ ദുരന്തത്തിൽ പെട്ട്**

**ജീവൻ നഷ്ടപ്പെട്ട എല്ലാസഹോദരങ്ങൾക്കും**

**ഞങ്ങളുടെ ആദരാഞ്ജലികൾ.................**



## ഉൾപേജുകളിൽ


1 .ആമുഖം

2 .സന്ദേശം

3 .എഡിറ്റോറിയൽ

4 .ദേശാടനം (കവിത )

5 ആധുനിക സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം (ലേഖനം)

6 .ഡിജിറ്റൽ പെയിന്റിംഗ്

7 .നിങ്ങൾക്കറിയാമോ

8 .എത്രനേരം (കവിത)

9 .കമലാദാസ്

10 .കൗതുകവർത്തകൾ

11 .പുസ്തകനിരൂപണം

12 .മഹത് വചനങ്ങൾ

13 .'തീ 'വണ്ടി (കഥ)

14 .എന്റെവിദ്യാലയം (ചിത്രം)

15 .പ്രളയം (ചിത്രം)

# ആമുഖം

മറ്റക്കര മാറ്റങ്ങളുടെ നാട് .

നിരവധി കലാകാരന്മാരുടെ ജന്മനാട് .പ്രൈമറിസ്കൂൾ മാത്രമുണ്ടായിരുന്ന മറ്റക്കരയിൽ 151- ാം എൻ. എസ് .എസ് കരയോഗം ഭാരവാഹികളുടെ ശ്രമഫലമായി കരയോഗാംഗങ്ങളിൽ നിന്ന് സൗജന്യമായി ലഭിച്ച സ്ഥലത്ത് നാട്ടുകാരുടെ സഹകരണത്തോടെ സ്കൂൾ കെട്ടിടം നിർമിച്ച് . 1954 ൽ യു .പി സ്കൂളായി പ്രവർത്തനം ആരംഭിച്ചു .1976 ൽ ഹൈസ്കൂളായും 2014 ൽ ഹയർസെക്കണ്ടറിയായും ഉയർത്തപ്പെട്ടു .നാടിന്റെ നാമധേയത്തിൽ നിലകൊള്ളുന്ന സ്കൂൾ ഒരു നാടിന്റെ മുഴുവൻ അനുഗ്രഹാശിസ്സുകളോടെ 65 -ാം വയസ്സിലെത്തിച്ചേർന്നിരിക്കുന്നു .

ഈ സ്കൂളിലെ കുരുന്നുപ്രതിഭകളുടെ സർഗ്ഗവൈഭവങ്ങൾ മറ്റക്കരഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് റിഫ്ലക്ഷൻ എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിനാക്കി സവിനയം സമർപ്പിക്കുന്നു .

കൗമാര മനസ്സിന്റെ

സ്വപ്നങ്ങളുടെ ............

നിരാശകളുടെ...........

പ്രണയങ്ങളുടെ .........

കുസൃതികളുടെ ...........

നുറുങ്ങു സങ്കടങ്ങളുടെ .............

# പ്രതിഫലനം





## സന്ദേശം

മറ്റക്കര ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'റിഫ്ലക്ഷൻ 'നിങ്ങളുടെ മുന്നിലേക്കെത്തുന്നു .ഇതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്കും അഭിനന്ദങ്ങൾ .വിദ്യാഭ്യാസപ്രക്രിയയിൽ പഠനത്തോടൊപ്പം തന്നെ പഠ്യേതരപ്രവർത്തനങ്ങൾക്കും സ്ഥാനമുണ്ട് .ആധുനികസാങ്കേതിക വിദ്യകളുടെ വരവോടുകൂടി വിദ്യാഭ്യാസമേഖലയിലും മാറ്റങ്ങൾ ദൃശ്യമാകുന്നുണ്ട്.കാലത്തിനുമുമ്പേ നടക്കുന്നവരായിരിക്കണം നമ്മുടെ കുട്ടികൾ..കൂടുതൽ ആത്മവിശ്വാസത്തോടെ അവർ ജീവിതത്തെ അഭിമുഖീകരിക്കട്ടെ.ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സി എൻ സജീവ്
ഹെഡ് മാസ്റ്റർ
മറ്റക്കര എച്ച് എസ് എസ് മറ്റക്കര

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ :**സി എൻ സജീവ്**

സ്റ്റാഫ് എഡിറ്റർ : ജിഷ .ജി .നായർ

സ്റ്റുഡന്റ് എഡിറ്റർ :അഖിൽ രാജ്

എഡിറ്റോറിയൽ ബോർഡ് :
- ശ്രീജ എസ്
- ശുഭ എസ്
- അഭിശങ്കർ .ജി
- സുബിൻ .പി.രാജു
- ശ്രീലക്ഷ്മി പ്രദീപ്
- ശ്രീലക്ഷ്മി .ആർ
- നമിത എസ്



**അക്ഷരങ്ങൾ .................**

**പടക്കോപ്പുകളെക്കാൾ**

**പോർവിമാനങ്ങളെക്കാൾ**

**ശക്തമായത് ................**

കറുത്തവരുടെ മോചനത്തിന് വേണ്ടി ത്തലിക ചലിപ്പിച്ചതിനു ത്തക്കിലേറ്റപ്പെട്ട

ദക്ഷിണാഫ്രിക്കൻ കവി ബെഞ്ചമിൻ മോളോയിസ് മുതൽ .............

കൊച്ചു കേരളത്തിന്റെ കമലാദാസ് വരെ .

അക്ഷരം അഗ്നിയാക്കിയവർ .......

ആ അഗ്നിയിൽ സ്വയം എരിഞ്ഞവർ ............

അവർക്കാവട്ടെ ഈ സ്നേഹാക്ഷരങ്ങൾ ..........

സ്നേഹപൂർവ്വം

സ്റ്റാഫ് എഡിറ്റർ

# ദേശാടനം

*ശിവപ്രിയ*

പുതിയ തീരത്തെത്തി ഞാനുമെന്നമ്മയും
പുതുമകളെന്നുമെൻ ജീവിതത്തിൽ
നിറയട്ടെ എന്നെന്റെ 'അമ്മ പറഞ്ഞതും
നിറയുന്നകണ്ണുകൾ മെല്ലെത്തുടച്ചതും
അറിയുന്നു ഞാനിന്ന് അമ്മയിലിന്നെന്റെ-
നോവുകളറിയാതെ പറയാതെ യാത്രയായ്

പുതിയ ആകാശങ്ങൾ തേടി ഞാൻ പോകുന്നു
മതിയാതെ സ്വർഗങ്ങൾ സ്വപ്നത്തിലെത്തുന്നു
എങ്കിലും അമ്മയെക്കൂടാതെ ജീവിതം
പങ്കിലമാകുമെന്നോർത്തു ഭയക്കുന്നു

അമ്മയില്ലാതെന്റെ സ്വപ്നങ്ങളില്ല
അമ്മയില്ലെങ്കിൽ ചിറകുകളും
കദനവാളാൽ പിടയുന്നു ഹൃത്തടം
ഈ കദനമമ്മേ മറക്കുവതെങ്ങനെ .............

## ആധുനിക സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം

**-ലേഖനം**

കിരൺ എസ് കുമാർ



**ഈ കാലഘട്ടത്തിൽ 'സ്ത്രീകളുടെ സ്ഥാനം 'എന്നത് ഒരു ചർച്ചാവിഷയമാണ് .കാരണം കാലങ്ങളായി സ്ത്രീകൾക്ക് ജോലിസ്ഥലങ്ങളിൽ പുരുഷന്മാരേക്കാൾ താഴെയാണ് സ്ഥാനം .ചില ഭവനങ്ങളിൽ അടുക്കളയിൽ ഒതുങ്ങുന്ന ഒരു പഴന്തുണിക്കഷണമാകുന്നു സ്ത്രീ .അതുമാത്രമല്ല ജോലിസ്ഥലങ്ങളിലും ,പതിയുടെ ഭവനത്തിലും എന്തിന് പട്ടാപകൽ നടുറോഡിൽ പോലും അവൾക്കു അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങൾ വേറെയും .**

**' സ്ത്രീ അമ്മയാണ് ,പെങ്ങളാണ് '-ഈ ചൊല്ലുകൾ എപ്പോഴെ അനർഥമായിക്കഴിഞ്ഞിരിക്കുന്നു .അതിനുതാഹരണമായി സൗമ്യയുടേയും,ജിഷയുടെയും അങ്ങനെ ഒട്ടനവധി സ്ത്രീകളുടെയും ഓർമ നമ്മുടെ കേരളമണ്ണിൽ ഇപ്പോഴും അലയടിക്കുന്നു .ഇതിനു പരിഹാരം ഉണ്ടാക്കാനായി പല സംഘടനകളും രൂപീകരിക്കപ്പെട്ടു. ചിലത് നവമാധ്യമങ്ങളിലും ചിലത് സിനിമകളിലും ചിലത് വെറും വാക്കുകളിലും .**

**സ്ത്രീ ശാക്തീകരണം എന്നത് സ്ത്രീകളെ സ്വയംപ്രാപ്തരാക്കുക എന്ന ഒരു ആശയമാണ് ,അല്ലാതെ പുരുഷന്മാരെ അടിമുടി അടച്ചാക്ഷേപിക്കാനുള്ള ഒന്നല്ല എന്നുകൂടി നാം ഓർക്കേണ്ടതാണ് .**

**സ്ത്രീകൾക്ക് സ്ഥാനം വേണ്ടത് നമ്മുടെ മനസ്സിലാണ് .എന്നെപ്പോലുള്ള ഒരു ഭാരതീയനും ഒരു സ്ത്രീയെയും ചെറുതായ്ക്കാണില്ല .കാരണം ഞങ്ങളുടെ മനസ്സിലുള്ള വികാരം ആണ് 'അമ്മ എന്നത് ."അമ്മപറഞ്ഞതിനപ്പുറം മറ്റൊന്നുമില്ലാതിരുന്നൊരാ പോയകാലം ,കുപ്പുക കുഞ്ഞിക്കൈയെങ്കിൽ കാപ്പാകുമെന്നമ്മ ചൊന്നകാലം "ആ കാലത്തിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിക്കാത്തവർ ഇല്ല .**

**സമൂഹത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾ ഉയിർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. "യാത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ : എന്നത് നമുക്ക് അന്വർത്ഥമാക്കാം . മാതൃത്വത്തിന്റെ മഹത്വത്തിൽനിന്നാണ് എല്ലാനന്മകളും ഉയിർക്കൊള്ളുന്നത് എന്ന് മറക്കാതിരിക്കുക .**


adwaith
9B

# <u>*നിങ്ങൾക്കറിയാമോ*</u>

-

**നമിത. എസ്**

പ്രാചീന കേരളത്തിൽ രഹസ്യങ്ങൾ ചോർന്നുപോകാതിരിക്കാൻ ഉപയോഗിച്ചിരുന്നസാങ്കേതിക ഭാഷയാണ് മൂലഭദ്രം.

അകോ ഖകോ ഘങൈശ്ചൈവ
ചടോ ഞണോ തപോ നമഃ
ജഝോ ഡടോ ദധൈശ്ചൈവ
ബഭോ ഥഫ ഛഠേതിച
യശോ രഷോ ലസൈശ്ചൈവ
വഹ ക്ഷള ഴറ ക്രമാത്
ങഞ്ചന്തന്തം മ്പന്ന ന്റ്റ ൻൽ  ർൾ.

'അ' യുടെ പെരുക്കങ്ങൾക്ക് ക യുടെ പെരുക്കങ്ങൾ ഉപയോഗിക്കുന്നു. ക യുടെ പെരുക്കങ്ങൾക്ക് അ യുടെ പെരുക്കങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണത്തിന് **'തല' എന്ന വാക്ക് മൂലഭദ്രത്തിൽ പസ എന്നാകും. "ഒരു പുസ്തകം തരാമോ" എന്നതിന് പകരം മൂലഭദ്രത്തിൽ കൊപ്പു  തുല പസാനെ എന്ന് പറയുന്നു. "നീ  എവിടെ പോകുന്നു" എന്നതിന് മീ കെഫി ചെതോ ഉമ്പു എന്നാവും പറയുക.**

# എത്ര നേരം

ശ്രീപ്രിയ കെ അനി

അത്തിമരത്തിന്റെ കൊമ്പിൻമേലിന്നൊരു,
കുഞ്ഞുകിളിത്തത്ത തത്തിത്തത്തി
ദൂരെക്കിഴക്കൊന്ന് നോക്കി നോക്കി.
അമ്മക്കിളിയെയും കാത്ത് കാത്ത്...............

വാനത്തിലായിരം വർണം വിരിയുന്നു
കുഞ്ഞിക്കിളിത്തത്ത നോക്കിയിരിക്കുന്നു
ആകാശത്തൊന്നുപറക്കാൻ കൊതിക്കുന്നു
നെന്മണികൊത്തിപ്പറക്കാൻ കൊതിക്കുന്നു
സന്ധ്യമയങ്ങുന്നു വെട്ടം കുറയുന്നു
അമ്മക്കിളിത്തത്ത വന്നതില്ല
വാനം തണുപ്പിൻ കുടവിരിച്ചു
കുഞ്ഞിക്കിളിത്തത്ത കാത്തിരുന്നു ............

നിദ്ര അവളെ തഴുകി മെല്ലെ
കൂരിരുട്ടിൽ അവൾ ഏകയായി
സൂര്യകിരണങ്ങൾ പുൽകിയാപ്പൂക്കളെ
കുഞ്ഞിക്കിളിത്തത്ത കൺതുറന്നു
വന്നില്ലിതുവരെ അമ്മക്കിളിത്തത്ത
കാത്തിരിക്കാനിനി എത്ര നേരം. ?

**വാക്കുകൾ ...................**

**പക്ഷികളാണ്...............**

**സന്ധ്യയിൽനിന്നും ഒളിച്ച്,**

**കുഴഞ്ഞചിറകുകളുമായി**

**എവിടെയാണവ ചേക്കേറാൻ**

**പോയത്.........**



# കൗതുകവാർത്തകൾ



ചീങ്കണ്ണികൾക്ക് നാവ് വെളിയിലേക്ക് നീട്ടാൻ കഴിയില്ല .



വയറ്റിൽ പല്ലുള്ള ജീവിയാണ് ഞണ്ട് .

നീലത്തിമിംഗലത്തിന് ഇരുപതിലധികം ആഫ്രിക്കൻ ആനകളുടെ ഭാരമുണ്ടാകും .

ഒരു സീബ്രയുടെ വാരികകൾ മറ്റൊരു സിബ്രയ്ക്ക് ഉണ്ടാവില്ല .

ആനയുടെ തുമ്പിക്കയ്യിൽ നാൽപ്പതിനായിരം പേശികളുണ്ട് .മനുഷ്യ ശരീരത്തിൽ ആകെ അറുനൂറ്റമ്പത് പേശികളേയുള്ളു .

ആടുകൾക്ക് വായിൽ മുകളിൽ മുൻനിരയിൽ പല്ലുകളില്ല .

സംസാരിക്കുമ്പോൾ നമ്മൾ എഴുപത്തി രണ്ടു പേശികൾ ഉപയോഗിക്കുന്നുണ്ട് .

**അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ കഴിയുന്ന ഒരാൾ ഇരുപത്തി നാലു മണിക്കൂറിനിടയിൽ പതിനാറു സൂര്യോദയവും അത്ര തന്നെ**

# അസ്തമയവും കാണും

## പെരുന്തച്ചൻ

*കെ.ബി.ശ്രീദേവി*

പുസ്തക നിരൂപണം -അമൃത ഉമേഷ്

വാമൊഴിയിലൂടെ കേരളീയരുടെ മനസ്സിൽ സ്ഥാനം പിടിച്ച ഒരു കുടുംബകഥയാണ് 'പറയിപെറ്റ പന്തിരുകുലം' . ശ്രീമാൻ കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച ഐതിഹ്യമാലയിൽ ഈ ചരിത്രത്തെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. പറയി പെറ്റ പന്തിരുകുലത്തിലെ ഒരു സുപ്രധാനമായ കഥാപാത്രമാണ് 'പെരുന്തച്ചൻ'. മരപ്പണിക്കാരനായ പെരുന്തച്ചന്റെ കഥ നമുക്കുമുന്നിൽ ലളിതമായും രസകരമായും അവതരിപ്പിക്കാൻ ശ്രീദേവി എന്ന എഴുത്തുകാരിക്ക് സാധിച്ചു. നിരവധി നോവലുകളും കഥാസമാഹാരങ്ങളും നാടകങ്ങളും എഴുതിയിട്ടുണ്ട് കെ. ബി. ശ്രീദേവി.

വരരുചി എന്ന മഹാനായ ബ്രാഹ്മണന് പറയി പെൺകുട്ടിയായ പഞ്ചമിയിൽ പിറന്ന കുട്ടിയാണ് പെരു ന്തച്ചൻ .'വാ കീറിയ ദൈവം ഇരയും നൽകും എന്നുപറഞ്ഞു തനിക്കു ജനിച്ച പന്ത്രണ്ടു മക്കളെയും വരരുചി വഴിയിൽ ഉപേക്ഷിച്ചു .പന്ത്രണ്ടു മക്കളും വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത ജാതികളിൽ വളർന്നു .ഓരോ സന്ദർഭങ്ങളിലായി ആ തച്ചൻ മറ്റു പത്തു സഹോദരങ്ങളെയും കണ്ടെത്തുന്നു . കൃഷ്ണൻ എന്ന് പേരുചൊല്ലി വിളിക്കപ്പെട്ട അവൻ സ്വന്തം അധ്വാനം കൊണ്ട് വളർന്നു .പെരുംതച്ചനായി മാറി .കല്ലിലും മരത്തിലും ഒരുപോലെ പണിയെടുക്കുന്ന പെരുംതച്ചൻ.അദ്ദേഹത്തിന്റെ കൈയ്യിൽ 'കല്ല് വളയും 'എന്നാണ് പറയപ്പെട്ടിരുന്നത് .ഉളി കൈയ്യിലെടുത്താൽ പെരുംതച്ചൻ വിശ്വകർമ്മാവാണ് .

വിവാഹിതനായ പെരുംതച്ചന് ഒരു പുത്രൻ ജനിച്ചു .എന്നാൽ പുത്രജനനത്തോടെ ഭാര്യയായ ചീരു മരണമടഞ്ഞു .ദുഖിതനായ പെരുംതച്ചൻ മകനെ ഉപേക്ഷിച്ചു പോകുന്നു .വർഷങ്ങൾക്കുശേഷം അച്ഛനും മകനും തമ്മിൽ കണ്ടുമുട്ടുന്നു.എങ്കിലും അവർ തമ്മിൽ ഒരാത്മബന്ധവും അവശേഷിച്ചിരുന്നില്ല.പെരുംതച്ചന്റെ ഒരു കൈപ്പിഴയിൽ മകൻ കൊല്ലപ്പെടുന്നു.മകനെ കൊന്ന അച്ഛൻ എന്ന ദുഷ്പേര് തച്ചന് ചാർത്തിക്കിട്ടി ,എന്നന്നേയ്ക്കുമായി.

ഏതു തലമുറയിലുള്ളവർക്കും വായിച്ചു രസിക്കാവുന്ന ഒരു കഥ : മനസ്സിൽ തങ്ങിനിൽക്കുന്ന നിരവധി സന്ദർഭങ്ങൾ:അതാണ് കെ.ബി.ശ്രീദേവിയുടെ 'പറയിപെറ്റ പന്തിരുകുലം '.

## ***മഹത് വചനങ്ങൾ***

വിദ്യാഭ്യാസം മനുഷ്യനിലുള്ള സമ്പൂർണതയുടെ ആവിഷ്ക്കാരമാണ്

- സ്വാമി വിവേകാനന്ദൻ

അവനവന്റെ അജ്ഞത തിരിച്ചറിയുക എന്നതാണ് യഥാർത്ഥ ജ്ഞാനം

-കൺഫ്യൂഷ്യസ്

വിവേകമില്ലെങ്കിൽ വിജ്ഞാനമില്ല

-ഡോ .എസ് .രാധാകൃഷ്ണൻ

ബുദ്ധിമാന്മാർക് അനുഭവങ്ങൾ അധ്യാപകരാണ്

-ഷേക്സ്പിയർ

ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം

. -മഹാത്മാ ഗാന്ധി .

ഒരു നാണയം പോലെയാണ് വിദ്യാഭ്യാസം .അതിന്റെ ഒരു വശം പ്രവർത്തിയെയും മറുവശം ജ്ഞാനത്തെയും കാണിക്കുന്നു .

**-ടാഗോർ .**

# '**തീ**'**വണ്ടി**

*-ശ്രീപ്രിയ*


**അ**തിരാവിലെ ഉള്ള ട്രെയിൻ ഈ സ്റ്റേഷനിൽ നിന്നു തന്നെ പുറപ്പെടുന്നതായിരുന്നു . ചിങ്ങമാസം വന്നത റിയാതെ മഴ  കർക്കിടകത്തിന്റെ ഓർമകളുമായി പെയ്തുകൊണ്ടേയിരുന്നു . പ്ലാറ്റഫോമിൽ പലയിടത്തും വെള്ളം കെട്ടിക്കിടന്നിരുന്നു . കംപാർട്മെന്റിന്റെ വാതിലുകളിലൂടെ വീഴുന്ന വെളിച്ചത്തിന്റെ ചതുരങ്ങളിലല്ലായിരുന്നെങ്കിൽ പ്ലാറ്ഫോം മിക്കവാറും ഇരുട്ട് മൂടിയിരിക്കുമായിരുന്നു . ആദ്യം ചെന്ന് കയറിയത് ലേഡീസ് കംപാർട്മെന്റിൽ . ഷട്ടറുകളെല്ലാം താഴ്ത്തി ആളനക്കമില്ലാതെ................. അതിൽ നിന്നിറങ്ങി ജനറൽ കംപാർട്മെന്റിൽത്തന്നെ കയറി. സ്ത്രീകളാരുംതന്നെ ഇല്ലായിരുന്നു. എങ്കിലും കംപാർട്മെന്റിൽ മിക്കവാറും എല്ലാ സീറ്റുകളും ആളുണ്ടായിരുന്നു. അധികം തിരക്കില്ലാത്ത ഒരു സീറ്റിൽ പോയിരുന്നു. ട്രെയിൻ നീങ്ങിത്തുടങ്ങി.

പുറം കാഴ്ചകൾ കാണാൻ പറ്റും വിധം ഗ്ലാസ് ഷട്ടർ മാത്രം താഴ്ത്തിവച്ചു. ഇടക്ക് വന്നുപോകുന്ന വെളിച്ചത്തിൽ ജനാലയിലെ മഴത്തുള്ളികൾ മിന്നിമറഞ്ഞു. ട്രെയിൻ ഒരു പാലത്തിന്റ മുകളിലൂടെ നീങ്ങുമ്പോൾ എവിടെ നിന്നോ ഇന്ദു ട്രെയ്നിനുള്ളിലേക് ചാടിക്കയറി. എന്റെ വലത് വശത്തുവന്നിരുന്നു. അവളെ കണ്ടിട്ടാവണം വാതിലിനരികിലെ ചോരപ്പാടുകളിൽനിന്ന് സൗമ്യയും ഇറങ്ങി വന്നു. എനിക്കെതിരെയുള്ള സീറ്റിലിരുന്നു. അവളുടെ തലയുടെ വലതുവശം പൊളിഞ്ഞിരുന്നു. കണ്ണുകളിൽ നിസ്സഹായഭാവം. ഇന്ദുവിന്റെ കണ്ണുകൾ മീനുകൾ കൊത്തിയെടുത്തിരുന്നത്കൊണ്ട് കണ്ണുകളുടെ സ്ഥാനത് കുഴികളായിരുന്നു. രണ്ടുപേരുടെയും താടി മുതൽ താഴോട്ട് ചുരിദാറിന്റ കഴുത്തിനുള്ളിലൂടെ താഴേക്ക് പോസ്റ്റ്മോർട്ടത്തിന് ശേഷം കുത്തിക്കെട്ടിയ പാടുകൾ. അവരെന്നെ ഒട്ടും തന്നെ ശ്രദ്ധിക്കുന്നില്ലായിരുന്നു. ഇന്ദുവിന്റെ ഇല്ലാത്ത കണ്ണുകളിലെ തിളക്കത്തിലേക്ക് നോക്കി ചിരിച്ചുകൊണ്ട് സൗമ്യ ചോദിച്ചു: "എങ്ങട്ടാ?".

"കോഴിക്കോട്ടേക്ക്. നീ എങ്ങോട്ടാ?"

**"ഒരു പകലും കൂടി കടന്നുപോയിരുന്നെങ്കിൽ എന്റേതാകുമായിരുന്ന ഒരാളെ കാണാൻ, ഞാൻ കാണാതെ പോയ ഒരാളെ കാണാൻ" സൗമ്യ പറഞ്ഞു.........**


എന്റെ വിദ്യാലയം
NIKHIL S PRAVEEN
IX - C




കാർത്തിക. S. നായ
X B.

**നിലയ്ക്കാതെ ചിലയ്ക്കുന്ന പക്ഷിയൊന്നുണ്ടായിരുന്നു എന്റെ ഉള്ളിൽ..........**

**അരുതെന്നു പറഞ്ഞാലും അരുതുകൾ കാണുമ്പോൾ അതുറക്കെ  ക്രുവ്യമായിരുന്നു .................**

**.................................................................................................................**
**.**
**.................................................................................................................**

**.....................**

**ഞാനും ഇപ്പോൾ നിങ്ങളെപ്പോലെ ................**
**കുഞ്ഞിന്റെ രക്തം വീണ കുതിർന്ന  മണ്ണിലും**
**തണുപ്പുറ്റി സുഖമായി  ഉറങ്ങാം**

**ശുഭം**

**മുരുകൻ കാട്ടാക്കട**

## Gallery

| | |
|---|---|
|  |  |
|  |  |
|  |  |
|  |  |

# Littlekites 2018-2019

## Mattakkara HSS Mattakkara





*Mattakkara HSS Little Kites*

**മാഗസിന്റെ പ്രവർത്തനത്തിൽ പങ്കാളികളായ എല്ലാവർക്കും**

**ടീം ലിറ്റിൽ കൈറ്റ്സ് മറ്റക്കരയുടെ അകൈതവമായ**

**നന്ദി .........നന്ദി...........നന്ദി.................**

little KITEs

**Mattakkara HSS Mattakkara**

**No :LK/2018/33087**